ശ്രീ. എം. നാരായണക്കുറുപ്പ്. ഈ പ്രശ്നം എല്ലാ ഡിപ്പാർട്ടുമെൻറിലും ഉണ്ട്. എംപ്ലായ്മെൻറ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്ന പോസ്റ്റുകളിൽ മൂന്നുമാസത്തിനുള്ളിൽതന്നെ പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള നിയമനം നടത്തുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അങ്ങനെയുള്ള സ്ഥാനങ്ങളിലേയ്ക്കു് പി. എസ്. സി. യിൽനിന്നും നിയമനം നടത്തുന്നതിനു് ആ ഡിപ്പാർട്ടുമെൻറു് പി. എസ്. സി. യുമായി കൺസൾട്ടു് ചെയ്യണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു് കർശനമായി തന്നെ പാലിക്കണമെന്നും ഉണ്ട്.

ജലസേചന പദ്ധതി.

* 362 (21) ശ്രീ.കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ ജലസേചന പദ്ധതികൾക്കായി മൊത്തം എത്ര രൂപയാണു് വക കൊള്ളിച്ചിട്ടുള്ളതു്;

(ബി) ഏതെല്ലാം പദ്ധതികൾക്കായിട്ടാണു് തുക കൊള്ളിച്ചിട്ടുള്ളതു്;

(സി) ഓരോ പദ്ധതിക്കും എത്ര രൂപാവീതം നീക്കിവച്ചിട്ടുണ്ടു്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ, ബി,സി) 1964-1965-ലെ ബഡ്ജറ്റു് പാസ്സായതിനുശേഷമേ ഈ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

എം. ബി. ബി. എസ്. പാസ്സായിട്ടുള്ളവർ.

* 363 (23) ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962-63 വർഷത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽനിന്നു എത്രപേർ എം. ബി. ബി. എസ് പാസായി പുറത്തുപോയിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേർക്കു് ഗവണ്മെൻറു സർവ്വീസിൽ ജോലി നൽകി;

(സി) സ്റ്റേറ്റിൽനിന്നും എം. ബി. ബി. എസ്. പാസ്സായ എത്ര ഡാക്ടർമാർ ഗവണ്മെൻറു സർവ്വീസിൽ വരാതെ സ്വകാര്യമായി പ്രാക്ടീസ് ചെയ്യുന്നുണ്ടു്;

(ഡി) അത്തരക്കാരുടെ മേൽ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഗവണ്മെൻറു സർവ്വീസു്, ഡാക്ടർമാരെ സംബന്ധിച്ചിടത്തോളം, കൂടുതൽ ആകർഷകമാക്കാൻ ഗവണ്മെൻറു വല്ല പദ്ധതിയും ആവിഷ്കരിക്കുവാൻ ആലോചനയുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) 126 പേർ.

(ബി) രണ്ടു വിദേശീയ വിദ്യാർത്ഥികളൊഴികെ മറ്റുള്ളവർക്കൊക്കെ ഗവണ്മെൻറു സർവ്വീസിൽ ഉദ്യോഗം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു് സംബന്ധിച്ച കൃത്യമായ കണക്കുകൾ ഗവണ്മെൻറിന്റെ കൈവശമില്ല.

(ഡി) ഗവണ്മെൻറു സർവ്വീസിൽ വരാതിരുന്നവരുടെ പേരിൽ, അവർ അഡ്മിഷൻ സമയത്തു് എഴുതികൊടുത്തിട്ടുള്ള ബോണ്ടു് അനുസരിച്ചുള്ള പിഴ ഈടാക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടു്.

(ഈ) ഇല്ല.

Medical Graduates

* 364. (24) **Shri K. M. George:** Will the Minister for Public Health be pleased to state:

(a) are Government contemplating to lay down a rule that Medical graduates should first serve for some years in rural areas;

(b) what is the result of introducing home treatment for Tuber culosis in our State;

(c) how many patients have been given aid as per this scheme;

(d) is it possible to avoid constructing new Sanatoria etc., if the scheme for home treatment of these patients is fully implemented?

Minister for Public Health (**Shri M. P. Govindan Nair**):

(a) Yes.

(b) It has been proved to be useful and effective in this State. The necessity of providing additional beds has been reduced to a certain extent.

(c) 63 persons have been given aid from the Health Minister's Welfare Fund. 179 persons have been sanctioned aid under the Tuberculosis Financial Assistance Scheme. But the amounts have not been disbursed.

(d) It is expected to be possible.

ശ്രീ. എം. നാരായണക്കുറുപ്പു്: പ്രവേശന സമയത്തു് ഗവണ്മെൻറിലേക്കു് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ലംഘിച്ചതിനു് എത്രെങ്കിലും ഡാക്ടറുടെ പേരിൽ ഗവണ്മെൻറു നടപടികളെടുത്തുണ്ടോ? അതോ ഡാക്ടറന്മാർ ആരുംതന്നെ അവരുടെ വാഗ്ദാനം ലംഘിച്ചിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. എം. പി. ഗോവിന്ദൻനായർ: 1962–63-ൽ ജയിച്ചവരെ പറ്റിയുള്ള ചോദ്യമാണു് ഇതു്. അതിൽ ബോണ്ടിൽ വ്യവസ്ഥചെയ്തിരുന്നതിൽ നിന്നും വ്യത്യസ്തമായി പ്രവർത്തിച്ചവരുണ്ടു്. അവരിൽനിന്നും ഗവണ്മെൻറിലേക്കു് പിഴ ഈടാക്കിയിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഇവിടെനിന്നും പാസായി പോകുന്ന ഡാക്ടർമാർ ഗവണ്മെൻറിലേക്കു് കൊടുത്തിട്ടുള്ള വാഗ്ദാനം പാലിക്കാതെ പോയിട്ടുണ്ടെങ്കിൽ അവരുടെ കാര്യം പ്രത്യേകം എടുത്തു് ആവശ്യമായ നടപടികൾ ചെയ്യുമോ? ഇവിടെനിന്നും പുറമേ പോയാൽ അവർക്കു ഇവിടെയുള്ളതിനേക്കാൾ ആകർഷകമായ രീതിയിലുള്ള റമ്യൂണറേഷൻ കിട്ടുന്നതുകൊണ്ടു് അങ്ങനെ പോകുക സ്വാഭാവികമല്ലേ? ഇവിടെനിന്നും പാസ്സാകുന്ന ഡാക്ടർമാർ എത്രകൊല്ലം ഇവിടെ സെർവ് ചെയ്യണമെന്നാണു് ഉദ്ദേശിക്കുന്നതു്? ഇക്കാര്യത്തിൽ ഗവണ്മെൻറുകുന്ന നിയന്ത്രണങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനാണോ ഉദ്ദേശിക്കുന്നതു് അല്ല കൂടുതൽ അയവു വരുത്താനാണോ ഉദ്ദേശിക്കുന്നതു് എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly